## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5171 — 30.06.2014-ൽ മറുപടിയ്ക്ക്

### പട്ടയ ഭൂമിയിൽ നിന്നും മുറിച്ചുമാറ്റാവുന്ന മരങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| (എ) പട്ടയ ഭൂമിയിൽ നിന്നും ഏതെല്ലാം ഇനം മരങ്ങൾ വെട്ടി മാറ്റുന്നതിനാണ് കർഷകർക്ക് അനുമതി നൽകി വരുന്നത് ; | (എ) പട്ടയ ഭൂമിയിൽ സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുള്ള മരങ്ങളും ചന്ദന മരവും മുറിച്ചു മാറ്റുന്നതിന് അനുമതി നൽകുന്നില്ല. എന്നാൽ നിക്ഷിപ്തമാക്കാത്ത താഴെപ്പറയുന്ന 28 ഇനം മരങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനും 2005 വർഷത്തിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമം സെക്ഷൻ 6(3) പ്രകാരം നിലവിൽ അനുമതി ആവശ്യമില്ല.<br>1) തെങ്ങ് 2) റബ്ബർ 3) കശുമാവ് 4) പുളി 5) മാവ് 6) പ്ലാവ് 7) കൊടംപുളി 8) മട്ടി 9) കമുക് 10) കൊന്ന 11) ശീമകൊന്ന 12) നെല്ലി 13) വേപ്പ് 14) മുരുക്ക് 15) ജാതി 16) അൽബീസിയ 17) സിൽക്ക് കോട്ടൺ 18) അക്കേഷ്യ 19) മാഞ്ചിയം 20) ആഞ്ഞിലി 21) കിളിമരം 22) മഞ്ചാടി മരം 23) വട്ട 24) പന 25) അരണമരം 26) യൂക്കാലിപ്റ്റസ് 27) ശീമപ്ലാവ് 28) പാല |

വിനിർദ്ദേശിക്കപ്പെട്ട (Specified trees) താഴെ പറയുന്ന 10 ഇനം മരങ്ങൾക്ക് മേൽ സെക്ഷൻ പ്രകാരം നിബന്ധനകൾക്ക് വിധേയമായി മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനും വനം വകുപ്പ് അനുമതി നൽകി വരുന്നുണ്ട്. 1) ചന്ദനം 2) തേക്ക് 3) ഈട്ടി 4) ഇരുൾ 5) തേമ്പാവ് 6) കമ്പകം 7) ചടച്ചി 8) ചന്ദന വേമ്പ് 9) വെള്ളകിൽ 10) എബണി.

കൂടാതെ വനഭൂമി അസൈൻ ചെയ്ത് പട്ടയം നൽകുന്ന ഭൂമികളിലെ മരങ്ങൾ Kerala Forest (Preservation, Reproduction and disposal of trees belonging to Government but grown on land in the occupation of private people) Rule, 1975, Kerala Forest (Prohibition of felling trees standing on land temporarily or permanently assigned) Rules, 1995 -ലെ വ്യവസ്ഥകൾക്ക് വിധേയമായി വെട്ടിമാറ്റുന്നതിന് അനുമതി നൽകി വരുന്നുണ്ട്.

(ബി) മരം വെട്ടിമാറ്റുന്നത് സംബന്ധിച്ച് ഇറക്കിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(ബി) താഴെ പറയുന്ന നിയമങ്ങൾ പ്രകാരമാണ് മരങ്ങൾ വെട്ടിമാറ്റുവാൻ അനുമതി നൽകി വരുന്നത്. (അനുബന്ധമായി ചേർത്തിരിക്കുന്നു.)

1. Kerala Promotion of Tree Growth in Non Forest Areas Act, 2005. (അനുബന്ധം 1)

2. Kerala Forest (Preservation, Reproduction and disposal of trees belonging to Government but grown on land in the occupation of private people) Rule, 1975. (അനുബന്ധം II)

3. Kerala Forest ( Prohibition of felling trees standing on land temporarily or permanently assigned) Rules, 1995. (അനുബന്ധം III)

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്